കേൾക്കേണ്ട ശബ്ദം:

എന്റെ പിന്നാലെ ഒരു ക്യാമറയുണ്ടെന്ന് ഓരോ പൊതുപ്രവർത്തകനും സങ്കൽപ്പിച്ചാൽ കേരളത്തിലെ നെറികേടുകൾ പകുതി തീരും.

-നെടുമുടി വേണു

മകതബ്

1193 വൃശ്ചികം 17 1439 റ.ഉൽ.അവ്വൽ 13

ജനതാദൾ – യു നേരിടുന്ന പ്രതിസന്ധി

ജനതാദൾ-യു എന്ന രാഷ്ട്രീയ പാർട്ടി കേരളത്തിൽ ഇല്ലെങ്കിൽ ഇവിടത്തെ രാഷ്ട്രീയത്തിന് എന്തെങ്കിലും സംഭവിക്കുമോ. ഇല്ലെന്ന് രാഷ്ട്രീയത്തെ കുറിച്ച് പ്രാഥമിക ജ്ഞാനമെങ്കിലുമുള്ള എല്ലാവർക്കും അറിയാം. അതുകൊണ്ടുതന്നെ ജനതാദൾ (യു)വിന്റെ മുന്നണി മാറ്റവും രാഷ്ട്രീയ പ്രശ്നമേയല്ല. യു.ഡി.എഫ് കൂടാരത്തിൽ എത്തിയതോടെ ആകെ പരുങ്ങലിലായ ആ പാർട്ടിക്ക് നിലനിൽക്കണമെങ്കിൽ അവിടെ നിന്ന് പുറത്ത് കടന്നേ മതിയാകൂ. അതുകൊണ്ട് അക്കാര്യം ആലോചിക്കുന്നു. അതിനുപകരം സോഷ്യലിസ്റ്റുകളുടെ ഏകീകരണം തുടങ്ങിയ തമാശകൾ പറയരുതെന്ന് മാത്രം.

സോഷ്യലിസ്റ്റുകൾക്ക് അവരുടെ പ്രതാപകാലത്ത് ഒന്നിച്ച് നിൽക്കാൻ കഴിഞ്ഞിട്ടില്ല. നക്സലൈറ്റുകൾക്കും കേരള കോൺഗ്രസിനും മുന്നെ പിളർപ്പിനെ കലയാക്കി മാറ്റിയവരാണ് സോഷ്യലിസ്റ്റുകൾ. എസ്.പി, എസ്.എസ്.പി, പി.എസ്.പി, കെ.എസ്.പി. തുടങ്ങിയ എത്ര മാത്രം എസ്.പികൾ ഇന്ത്യാ രാജ്യത്തുണ്ടായിരുന്നു. രാംമനോഹർലോഹ്യ, ആചാര്യ ജെ.ബി. കൃപലാനി, ജയപ്രകാശ് നാരായണൻ, അശോകമേത്ത, മധുലിമായേ, ജോർജ് ഫെർണാണ്ടസ്, മധുദന്തവതേ, എൻ.ജി. ഗോറെ, മൃണാളിനി ഗോറെ... തുടങ്ങി നക്ഷത്രത്തിളക്കമുള്ള എത്രയോ നേതാക്കൻമാരുണ്ടായിട്ടും ഗതി പിടിക്കാതെ പോയ സംഘമായിരുന്നു സോഷ്യലിസ്റ്റുകൾ. കേരളത്തിൽ തന്നെ നോക്കുക. പട്ടംനാണുപ്പിള്ളയും അരങ്ങിൽ ശ്രീധരനും പി. വശ്വംഭരനും കെ. ചന്ദ്രശേഖരനും എം.പി. വീരേന്ദ്രകുമാറും പി.ആർ. കുറുപ്പും കെ.കെ. അമ്പുവും... അങ്ങനെ പ്രഗത്ഭമതികളുടെ നീണ്ട നിര തന്നെയുണ്ടായിരുന്നു. എന്നാൽ ആവുന്ന കാലത്ത് പരസ്പരം ഒതുക്കാൻ ശ്രമിച്ച പാരമ്പര്യമാണ് ഇക്കൂട്ടർക്കുണ്ടായിരുന്നത്. കെ.കെ. അമ്പുവിനെ പോലുള്ള ഒരാൾക്ക് മുസ്ലിംലീഗിൽ അഭയം പ്രാപിക്കേണ്ടി വന്നതും ചരിത്രം.

ജനതാദളിനെ സോഷ്യലിസ്റ്റ് കക്ഷി എന്ന് വിശേഷിപ്പിക്കുന്നത് തന്നെ ശരിയല്ല. പഴയ ജനതാപരിവാറിന്റെ അവശിഷ്ടമാണ് ജനതാദൾ എന്നത്. ജനതാപാർട്ടി അഖിലേന്ത്യാ തലത്തിൽ രൂപം കൊണ്ടത് ജനസംഘം, സംഘടനാ കോൺഗ്രസ്, സോഷ്യലിസ്റ്റ് പാർട്ടി, ഭാരതീയ ലോക്ദൾ എന്നീ കക്ഷികൾ ലയിച്ചുചേർന്നാണ്. പഴയ ജനസംഘക്കാർ ജനതാപാർട്ടി വിട്ട് ബി.ജെ.പിയെ പുനർജീവിപ്പിക്കുകയും ചരൺസിങ്ങ് ലോക്ദളിനെ പുനർജീവിപ്പിക്കുകയും ചെയ്ത ശേഷം ജനതാപാർട്ടി, ജനതാ ദളായി മാറുന്നത് കോൺഗ്രസ് വിട്ടുവന്ന വി.പി.സിങ്ങ് ഉൾപ്പെടെയുള്ളവരുടെ നേതൃത്വത്തിലാണ്. കേരളത്തിൽ അവശേഷിക്കുന്ന ജനതാദൾ-യുവിലും ജനതാദൾ-എസിലും സോഷ്യലിസ്റ്റുകൾ മാത്രമല്ല പഴയ സംഘടന കോൺഗ്രസ് നേതാക്കളും പരിവർത്തനവാദി കോൺഗ്രസ് നേതാക്കളും ഒക്കെ അവശേഷിക്കുന്നുണ്ട്. അതുകൊണ്ട് ജനതാദൾ പുനരേകീകരണം സോഷ്യലിസ്റ്റുകളുടെ പുനരേകീകരണമാണ് എന്ന് പറയുന്നത് തന്നെ തെറ്റാണ്.

2009ലെ ലോക്സഭ തിരഞ്ഞെടുപ്പിൽ വീരേന്ദ്രകുമാർ നേതൃത്വം നൽകിയ സോഷ്യലിസ്റ്റ് ജനതാപാർട്ടിക്ക് കോഴിക്കോട് സീറ്റ് സി.പി.എം നിഷേധിച്ചതോടെയാണ് പ്രശ്നങ്ങൾ തുടങ്ങുന്നത്. വീരേന്ദ്രകുമാറും അനുയായികളും ഇടതുബന്ധം ഉപേക്ഷിച്ച് യു.ഡി.എഫ് പക്ഷത്തേക്ക് ചാഞ്ഞു. എന്നാൽ അതോടെ വീരേന്ദ്രകുമാറിന്റെ പാർട്ടിയിൽ പിളർപ്പുണ്ടായി. മാത്യു ടി. തോമസ്, സി.കെ. നാണു എന്നിവരുടെ നേതൃത്വത്തിൽ ഒരു സംഘം ഇടതുപക്ഷത്ത് നിലയുറപ്പിച്ചു. ഇടതുപക്ഷത്ത് നിലയുറപ്പിച്ച വിഭാഗത്തോട് സി.പി.എം വലിയ പരിഗണന കാണിച്ചു. വീരേന്ദ്രകുമാർ വിഭാഗത്തെക്കാൾ അണികൾ കുറവാണെങ്കിലും അതൊന്നും പരിഗണിക്കാതെ പരമാവധി സീറ്റുകൾ മാത്യു ടി. തോമസ് വിഭാഗത്തിന് ഇടതുമുന്നണി അനുവദിച്ചു. അതേസമയം യു.ഡി.എഫ് വീരേന്ദ്രകുമാർ വിഭാഗത്തിന് കാര്യമായ പരിഗണന യു.ഡി.എഫിന് അനുകൂലമായ ജനവിധി ഉണ്ടായ 2011ലെ നിയമസഭ തിരഞ്ഞെടുപ്പിൽ ജനതാദൾ-യു രണ്ട് സീറ്റിൽ ഒതുങ്ങി. കഴിഞ്ഞ നിയമസഭ തിരഞ്ഞെടുപ്പോടെ ജനതാദൾ-യു വട്ടപൂജ്യമായി. അതിന് മുന്നെ ലോക്സഭ തിരഞ്ഞെടുപ്പിൽ പാലക്കാട് എം.പി. വീരേന്ദ്രകുമാറിനെ കോൺഗ്രസുകാർ കാലുവാരി തോൽപ്പിക്കുകയും ചെയ്തു. കഴിഞ്ഞ തദ്ദേശസ്വയംഭരണ സ്ഥാപന തിരഞ്ഞെടുപ്പിലും ജനതാദളിനെ ഒതുക്കി എന്ന പരാതി ഉയർന്നിരുന്നു. അതേസമയം കഴിഞ്ഞ നിയമസഭ തിരഞ്ഞെടുപ്പിൽ മാത്യു ടി. തോമസ് വിഭാഗത്തിൽ നിന്ന് മൂന്നുപേരാണ് നിയമസഭയിൽ എത്തിയത്. അവർക്ക് മൽസരിക്കാൻ ഇടതുമുന്നണി ആറ് സീറ്റ് നൽകുകയുണ്ടായി. അങ്ങനെ യു.ഡി.എഫിൽ ചേക്കേറി ആകെ ഗതികെട്ട അവസ്ഥയിലാണ് വീരൻ വിഭാഗം. സംഘടനാ പ്രവർത്തനം ആകെ നിലച്ചു. അണികൾക്കാകട്ടെ യു.ഡി.എഫ് ബന്ധം ശരിക്കും ദഹിച്ചിട്ടുമില്ല. ഈ നിലയിൽ പോയാൽ ജനതാദൾ-യു എന്ന കക്ഷി തന്നെ ഇല്ലാതാകും. ഈ യാഥാർത്ഥ്യമാണ് വീരൻ വിഭാഗത്തെ പുനർചിന്തനത്തിന് പ്രേരിപ്പിച്ചത്. അവർക്ക് മുന്നിൽ മറ്റൊരു പോംവഴിയില്ല; ഇടതുമുന്നണിക്ക് ഒപ്പം നിലയുറപ്പിക്കുക എന്നതല്ലാതെ.

യഥാർത്ഥത്തിൽ ജനതാദൾ-യുവിന് കൈക്കൊള്ളാവുന്ന ഏറ്റവും നല്ല തീരുമാനമാണ് എൽ.ഡി.എഫിനൊപ്പം നിലയുറപ്പിക്കുക എന്നത്. പ്രായോഗിക രാഷ്ട്രീയത്തിൽ നിലനിൽപ്പ് തന്നെയാണ് ഏറ്റവും പ്രധാനം. പക്ഷെ, പുതിയ രാഷ്ട്രീയ നീക്കം ജനതാദളിൽ ഒരു പിളർപ്പുകൂടിയുണ്ടാകാനുള്ള സാധ്യതയാണ് തെളിയുന്നത്. അതോടെ സോഷ്യലിസ്റ്റ് പാർട്ടിയുടെയും ജനതാപാർട്ടിയുടെയും തളരുമ്പോഴും പിളരുക എന്ന പാരമ്പര്യം പിന്തുടരുന്ന അവസ്ഥയുണ്ടാകും. അതായിരിക്കും വീരേന്ദ്രകുമാർ സോഷ്യലിസ്റ്റ് പാരമ്പര്യത്തെ കുറിച്ച് ഇടക്കിടെ ഓർമ്മപ്പെടുത്തുന്നതിന്റെ അർത്ഥം!

സർക്കാർ ജീവനക്കാർക്കുനേരെയുള്ള കുതിരകയറ്റം അവസാനിപ്പിക്കണമെന്ന്

തളിപ്പറമ്പ: ഔദ്യോഗിക കൃത്യനിർവഹണത്തിലേർപ്പെടുന്ന സർക്കാർ ജീവനക്കാർക്കുനേരെ അസഭ്യവർഷം ചൊരിഞ്ഞ് അവരെ മാനസികമായി പീഡിപ്പിക്കുന്ന ജനപ്രതിനിധികളുടെയും മന്ത്രിമാരുടെയും നിലപാട് പ്രതിഷേധാർഹമാണെന്നും അത് തിരുത്താൻ തയ്യാറാവണമെന്നും കേരള എൻ.ജി.ഒ അസോസിയേഷൻ തളിപ്പറമ്പ ബ്രാഞ്ച് പ്രവർത്തക കൂട്ടായ്മ ആവശ്യപ്പെട്ടു. തിരുവനന്തപുരത്ത് വനിത ഡെപ്യൂട്ടി കലക്ടറെ പൊതുജനമധ്യത്തിൽ അപമാനിച്ച ഇടതുപക്ഷ എം.എൽ.എയുടെ നടപടിയെ യോഗം അപലപിച്ചു. മികച്ച ജില്ലാ പ്രസിഡണ്ടായി തിരഞ്ഞെടുക്കപ്പെട്ട കെ.കെ. രാജേഷ് ഖന്നയെ യോഗം അഭിനന്ദിച്ചു.

ബ്രാഞ്ച് പ്രസിഡണ്ട് പി.വി. വിനോദിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ കെ.കെ. രാജേഷ്ഖന്ന, സംസ്ഥാന സെക്രട്ടേറിയറ്റംഗം കെ.വി. അബ്ദുറഷീദ്, സംസ്ഥാന കമ്മിറ്റിയംഗം കെ.പി. ഗിരീഷ്കുമാർ, വൈസ് പ്രസിഡണ്ട് കെ.വി. മഹേഷ് സംസാരിച്ചു. ബ്രാഞ്ച് സെക്രട്ടറി എ. കൽപ്പന സ്വാഗതവും ജോയിന്റ് സെക്രട്ടറി ജസ്റ്റിൻ വർഗീസ് നന്ദിയും പറഞ്ഞു.

എക്സൈസ് സ്റ്റാഫ് അസോസിയേഷൻ ജില്ലാ കമ്മിറ്റി സംഘടിപ്പിച്ച അനുമോദനവും യാത്രയയപ്പും ടി.വി. രാജേഷ് എം.എൽ.എ ഉദ്ഘാടനം ചെയ്യുന്നു.

ജനാധിപത്യ കേരളാ യൂത്ത് ഫ്രണ്ട്
കണ്ണൂർ ജില്ലാ
കൺവെൻഷൻ
2017 നവംബർ 29

ജനാധിപത്യ കേരള യൂത്ത്ഫ്രണ്ട് ജില്ലാ സമ്മേളനം അഡ്വ. മാത്യു കുന്നപ്പള്ളി ഉദ്ഘാടനം ചെയ്യുന്നു

ജനാധിപത്യ കേരളാ യൂത്ത് ഫ്രണ്ട് ജില്ലാ പ്രവർത്തക സമ്മേളനം

കണ്ണൂർ: ജനാധിപത്യ കേരളാ യൂത്ത് ഫ്രണ്ട് ജില്ലാ പ്രവർത്തക സമ്മേളനം കണ്ണൂരിൽ ജനറൽ സെക്രട്ടറി അഡ്വ. മാത്യു കുന്നപ്പള്ളി ഉദ്ഘാടനം ചെയ്തു. ജില്ലാ പ്രസിഡണ്ട് ഷൈജു വാഴപ്പള്ളി അധ്യക്ഷത വഹിച്ചു. സംസ്ഥാന പ്രസിഡണ്ട് അഡ്വ. മൈക്കിൾ ജയിംസ് മുഖ്യപ്രഭാഷണം നടത്തി. പാർട്ടി ജില്ലാ പ്രസിഡണ്ട് പ്രൊഫ. ജോൺ ജോസഫ്, സംസ്ഥാന സെക്രട്ടറിയേറ്റ് മെമ്പർ സി.എസ്. സെബാസ്റ്റ്യൻ, ജോസ് നരിമറ്റം, അന്നമ്മ അഗസ്റ്റിൻ. പി.എസ്. ജോസഫ്, ജെയ്സൺ ജീരകശേരി, ജോജി ആനിത്തോട്ടം, ജോൺ സെബാസ്റ്റ്യൻ പാറപ്പള്ളി, ഷെനിൽ പുളിയംമാക്കൽ, ജിറ്റോ പാറക്കൽ, നിധിൻ സ്യായിൽ, സാമ്പു മണിമല, ജയേഷ് കൊടകശേരി, സോനിഷ് ജോസഫ് ആലക്കോട്, ജസ്റ്റിൻ കൊച്ചുവേക്കകം, ജോണി കല്ലൻമാരി പ്രസംഗിച്ചു.

കാൻസർ രോഗ നിർണ്ണയ ക്യാമ്പ് നടത്തി

തളിപ്പറമ്പ: കണ്ണൂർ മലബാർ കേൻസർ സൊസൈറ്റിയും തളിപ്പറമ്പ സിറ്റി വൈസ്മെൻ ക്ലബും തളിപ്പറമ്പ മൂത്തേടത്ത് ഹയർസെക്കണ്ടറി സ്കൂളിൽ കാൻസർ രോഗ നിർണ്ണയ ക്യാമ്പ് നടത്തി. സ്ത്രീകൾക്കുവേണ്ടിയുള്ള ഗർഭാശയ-സ്തന പരിശോധനാ ക്യാമ്പ് നടന്നു. ഉദ്ഘാടനം തളിപ്പറമ്പ സഹകരണ ആശുപത്രി പ്രസിഡണ്ട് സി.എം. കൃഷ്ണൻ നിർവഹിച്ചു. ക്ലബ് പ്രസിഡണ്ട് അഡ്വ. എം.കെ. വേണുഗോപാൽ അധ്യക്ഷത വഹിച്ചു. മൂത്തേടത്ത് ഹൈസ്കൂൾ മാനേജർ പി.വി. ബാലകൃഷ്ണൻ നമ്പ്യാർ, വി.പി. അശോകൻ, ജയിംസ് പ്രസംഗിച്ചു.

കാൻസർ രോഗം മുൻകരുതലുകളും നിവാരണവും എന്ന വിഷയത്തെ ആസ്പദമാക്കി ഡോ. വിജയൻ (മലബാർ കേൻസർ സൊസൈറ്റി- എച്ച്.ഒ.ഡി) ബോധവൽക്കരണ ക്ലാസ് നയിച്ചു. ക്ലബ് സെക്രട്ടറി അനിൽകുമാർ സ്വാഗതവും വൈസ്മെനറ്റ്സ് സെക്രട്ടറി ധന്യ അനിൽ നന്ദിയും പറഞ്ഞു.

വയലാർ അനുസ്മരണം

മുയ്യം: ചെപ്പനൂൽ കൃഷ്ണപ്പിള്ള സ്മാരക വായനശാലയിൽ വയലാർ രാമവർമ്മ അനുസ്മരണവും ഗ്രന്ഥശാല ഹൈ-ടെക് വൽക്കരണത്തിന്റെ ഉദ്ഘാടനവും സംഘടിപ്പിച്ചു. ഗ്രന്ഥശാലാ ഹൈടെക് വൽക്കരണത്തിന്റെ ഉദ്ഘാടനം ജയിംസ്മാത്യു എം.എൽ.എ വീഡിയോ കോൺഫറൻസിലൂടെ നിർവഹിച്ചു. വയലാർ അനുസ്മരണ പരിപാടി എം.വി. ജനാർദനൻ മാസ്റ്റർ മുഖ്യപ്രഭാഷണം നടത്തി. വയലാർ കവിതാലാപനം, ഗാനലാപനം എന്നിവയുണ്ടായി. എം.പി. പത്മനാഭൻ അധ്യക്ഷത വഹിച്ചു. പി.വി. വിജയൻ സ്വാഗതവും ടി. ഷൈജു നന്ദിയും പറഞ്ഞു.

അപേക്ഷ ക്ഷണിച്ചു

കണ്ണൂർ: ജില്ലയിലെ വിവിധ ഗവൺമെന്റ് / എയിഡഡ് / ഹൈസ്കൂൾ / ഹയർസെക്കണ്ടറി സ്കൂളുകളിലേക്ക് കരാർ അടിസ്ഥാനത്തിൽ ഐ.ഇ.ഡി റിസോഴ്സ് അധ്യാപകരെ നിയമിക്കുന്നു. യോഗ്യതയുള്ളവരിൽ നിന്നും അപേക്ഷ ക്ഷണിച്ചു. ബിരുദവും, സ്പെഷ്യൽ എഡ്യുക്കേഷൻ ബി.എഡും അല്ലെങ്കിൽ സ്പെഷ്യൽ എഡ്യുക്കേഷനിൽ രണ്ട് വർഷ ഡിപ്ലോമയും ജനറൽ ബി.എഡുമുള്ളവർക്ക് അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്ക് www.ddekannur.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. ഫോൺ: 0497 2705149. അപേക്ഷ ലഭിക്കേണ്ട അവസാന തീയതി ഡിസംബർ ഏഴ്.

യാത്രയയപ്പും വിജയികൾക്ക് അനുമോദനവും

കണ്ണൂർ: പാലക്കാട് നടന്ന 15-ാമത് സംസ്ഥാന എക്സൈസ് കലാ-കായിക മേളയിൽ വിജയികളായ കണ്ണൂർ ജില്ലയിലെ എക്സൈസ് ജീവനക്കാർക്ക് എക്സൈസ് സ്റ്റാഫ് അസോസിയേഷൻ ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ കണ്ണൂർ സ്പോർട്സ് കൗൺസിൽ ഹാളിൽ വെച്ച് അനുമോദനവും ഉപഹാരവും നൽകി. 29 വർഷത്തെ സേവനത്തിന് ശേഷം സർവ്വീസിൽ നിന്നും വിരമിക്കുന്ന എക്സൈസ് ഇൻസ്പെക്ടർ എം.വി. ഇബ്രാഹിം കുട്ടിക്ക് യാത്രയയപ്പും നൽകി. കല്യാശേരി എം.എൽ.എ ടി.വി. രാജേഷ് ഉദ്ഘാടനം ചെയ്തു. ഉപഹാര വിതരണം കണ്ണൂർ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ വി.വി. സുരേന്ദ്രൻ നിർവഹിച്ചു. സ്റ്റാഫ് അസോസിയേഷൻ ജില്ലാ പ്രസിഡണ്ട് കെ. രാജേഷ് അധ്യക്ഷത വഹിച്ചു. ഓഫീസേഴ്സ് അസോസിയേഷൻ സംസ്ഥാന ജനറൽ സെക്രട്ടറി സി.കെ. പവിത്രൻ, സ്റ്റാഫ് അസോസിയേഷൻ സംസ്ഥാന സെക്രട്ടറി കെ. സന്തോഷ് കുമാർ, സംസ്ഥാന കൗൺസിലർ വി.സി. സുകേഷ് കുമാർ, സ്റ്റാഫ് അസോസിയേഷൻ മുൻ ജില്ലാ പ്രസിഡണ്ട് പി. മോഹനദാസ് സംസാരിച്ചു. ജില്ലാ സെക്രട്ടറി വി.വി. ഷാജി സ്വാഗതവും വൈസ് പ്രസിഡണ്ട് വി.രാധാകൃഷ്ണൻ നന്ദിയും പറഞ്ഞു.

കണ്ണൂർ ജില്ലാ കേരളോത്സവം വനിതാ വിഭാഗം വടംവലി മത്സരത്തിൽ ജേതാക്കളായ ചപ്പാരപ്പവ് പഞ്ചായത്ത് കട്ടയാൽ നവചേതന ടീം

മാടായിപ്പാറയിൽ ഭൂമാഫിയ കയ്യേറ്റം

പഴയങ്ങാടി: ചരിത്രസംഗമഭൂമിയായ മാടായിപ്പാറ ദേവസ്വം ഭൂമിയിൽ വീണ്ടും കയ്യേറ്റം. ജൂത കുടിയേറ്റ കാലത്തെ ഓർമ്മപ്പെടുത്തലുകൾക്ക് സാക്ഷിയായി ഇന്നും നിലനിന്നുവരുന്ന ജൂതക്കുളവും പരിസരവുമാണ് സ്വകാര്യ ട്രെസ്റ്റ് കയ്യേറ്റി നിർമ്മാണ പ്രവർത്തനം നടത്തുന്നത്. അരനൂറ്റാണ്ടിലേറെ മാടായിപ്പാറയിലെ ദേവസ്വം ഭൂമി സംരക്ഷിക്കാൻ മുൻകൈയെടുത്ത് പ്രവർത്തിച്ച മാടായിപ്പാറ സംരക്ഷണ സമിതിയുടെ പ്രവർത്തനം നിലച്ചതിന് പിന്നാലെയാണ് ദേവസ്വം ഭൂമിയിൽ കയ്യേറ്റം നടക്കുന്നത്. 'ജൂത കുളത്തിനരികിലെ രണ്ടര ഏക്കറോളം വരുന്ന ദേവസ്വം ഭൂമിയാണ് ചെങ്കല്ല് ഉപയോഗിച്ച് അതിര് കെട്ടി കയ്യേറി ഇരിക്കുന്നത്. ദേവസ്വം ഭൂമിയുടെ അതിരുകൾ പൊളിച്ച് മാറ്റി ദേവസ്വം ഭൂമിയിലൂടെ സമാന്തര റോഡ് നിർമ്മിച്ചാണ് സ്ഥലത്ത് നിർമ്മാണ പ്രവർത്തനം തകൃതിയായി നടക്കുന്നത്. കഴിഞ്ഞ ഒരാഴ്ചയിലേറെയായി മുപ്പതോളം അന്യസംസ്ഥാന തൊഴിലാളികളെ വച്ചാണ് നിർമ്മാണ പ്രവർത്തികൾ നടത്തുന്നതെന്ന് സമീപവാസികൾ പറയുന്നു. കയ്യേറ്റങ്ങൾ തടയാൻ ശക്തമായ നിയമ നടപടികൾ സ്വീകരിച്ചില്ലെങ്കിൽ ദേവസ്വം ഭൂമിയായ മാടായിപ്പാറ ചെറുകഷണങ്ങളായി വിഭജിക്കപ്പെട്ട് സ്വകാര്യ വ്യക്തികൾ കയ്യടക്കുന്ന കാലം അതിവിദൂരമല്ലെന്നാണ് നാട്ടുകാരുടെ അഭിപ്രായം.

വിളക്കന്നൂർ ക്രിസ്തുരാജ ക്രെഡിറ്റ് യൂണിയൻ സംഘടിപ്പിച്ച പഞ്ചഗവ്യ നിർമ്മാണ പരിശീലനത്തിൽ നിന്ന്

പഞ്ചഗവ്യം നിർമ്മാണ പരിശീലനം ശ്രദ്ധേയമായി

വിളക്കണ്ണൂർ: ജൈവ വളമായി കർഷകർ ഉപയോഗിക്കുന്ന പഞ്ചഗവ്യത്തിന്റെ നിർമ്മാണ പരിശീലനം ശ്രദ്ധേയമായി. വിളക്കന്നൂർ ക്രിസ്തുരാജ ക്രെഡിറ്റ് യൂണിയൻ, ആത്മ കണ്ണൂർ, നടുവിൽ കൃഷിഭവൻ എന്നിവയുടെ സഹകരണത്തോടെയാണ് പരിശീലന പരിപാടി സംഘടിപ്പിച്ചത്. പഞ്ചഗവ്യത്തിന് പുറമെ മുട്ട മിശ്രിതം, അഞ്ചില കീടനാശിനി, ഇ.എം.ലായനി എന്നിവയുടെ നിർമ്മാണ പരിശീലനവും നടന്നു. പഞ്ചായത്ത് മെമ്പർ ഇ.കെ. സുരേഷ് ഉദ്ഘാടനം ചെയ്തു. കൃഷി ഓഫീസർ ബി.സി.സിമിൽ, അസിസ്റ്റന്റ് കൃഷി ഓഫീസർ സുനിത ബാലൻ, ആത്മ ഫീൽഡ് അസിസ്റ്റന്റ് എം.പി.ഷിംന ക്ലാസ് നയിച്ചു. ജോയ് പെരുകിടക്കാട്ട്, രഞ്ജിത്ത് നടുവിൽ, ജോസ് തോക്കനാട്ട്, വിജയൻ പുറങ്ങനാൽ, ത്രേസ്യാമ്മ ടോമി, ജോൺ വാളിയാങ്കൽ, പൗളി ജോർജ് നേതൃത്വം നൽകി.

സി.പി.എം പ്രവർത്തകർകാർത്തികപുരം തോട്ടിൽ തടയണ നിർമ്മിക്കുന്നു

കാർത്തികപുരത്ത് തടയണ നിർമ്മിച്ചു

ആലക്കോട്: കാർത്തികപുരത്ത് നടക്കുന്ന സി.പി.എം ആലക്കോട് ഏരിയാ സമ്മേളനത്തിന്റെ ഭാഗമായി സി.പി.എം പ്രവർത്തകർ ചേർന്ന് കാർത്തികപുരം സ്കൂളിന് സമീപത്തായി തോട്ടിൽ തടയണ നിർമ്മിച്ചു. എൻ.എം.രാജു, കെ.എസ്.ചന്ദ്രശേഖരൻ, കെ.സാജൻ, ജോസഫ്, വി.ടി.ചെറിയാൻ നേതൃത്വം നൽകി.

സൗജന്യ ഹൃദ്രോഗ, പ്രമേഹ നിർണ്ണയ ക്യാമ്പ് 24ന്

പൂവം: കരുണ ചാരിറ്റബിൾ ട്രസ്റ്റിന്റെയും ഒമേഗ ഹോസ്പിറ്റൽ, ഹാർട്ട് സ്കാൻ ഫൗണ്ടേഷൻ മംഗലാപുരം എന്നിവയുടെയും ആഭിമുഖ്യത്തിൽ ഡിസംബർ 24ന് പൂവ്വത്ത് നടക്കുന്ന സൗജന്യ ഹൃദ്രോഗ, പ്രമേഹരോഗ നിർണ്ണയ ക്യാമ്പ് വിജയിപ്പിക്കുന്നതിന് സംഘാടക സമിതി രൂപീകരിച്ചു.

രൂപീകരണ യോഗം കരുണ ചാരിറ്റബിൾ ട്രസ്റ്റ് ഏരിയാ പ്രസിഡണ്ട് സി. കരീം ഉദ്ഘാടനം ചെയ്തു. ഭാരവാഹികളായി ടി.എ. കരീം (ചെയർമാൻ), പി. ബഷീർ (കൺവീനർ), എം. സുജിത്ത്, വി. മോഹനൻ (വൈസ് ചെയർമാൻ), ആർ. ഗോപാലൻമാസ്റ്റർ, എം.ടി. വൽസൻ (ജോയിന്റ് കൺവീനർ) എന്നിവരെ തിരഞ്ഞെടുത്തു. ക്യാമ്പിൽ പങ്കെടുക്കുന്നവർ മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യണം. നമ്പർ: 8075666613, 9895730899.

ഭിക്ഷാടകർക്ക് ഭക്ഷണമെത്തിച്ച് സീതിസാഹിബ് എൻ.എസ്.എസ് വളണ്ടിയർമാർ

സീതിസാഹിബ് എൻ.എസ്.എസ്. വളണ്ടിയർമാർ ഭക്ഷണം വിതരണം ചെയ്യുന്നു.

തളിപ്പറമ്പ: തളിപ്പറമ്പ നഗരത്തിലെ ഭിക്ഷാടകർക്ക് സീതിസാഹിബ് എൻ.എസ്.എസ് വളണ്ടിയർമാർ ഒരു നേരത്തെ ഭക്ഷണം നൽകി. ഉച്ചഭക്ഷണം പൊതിച്ചോറാക്കി നൽകിയാണ് എൻ.എസ്.എസ്. വളണ്ടിയർമാർ ശ്രദ്ധേയ പ്രവർത്തനം കാഴ്ചവെച്ചത്. ബസ്സ്റ്റാന്റ് പരിസരത്ത് ഭിക്ഷയെടുക്കുന്ന അമ്പോളം ഭിക്ഷാടകർക്കാണ് പൊതിച്ചോറ് വിതരണം ചെയ്തത്. എൻ.എസ്.എസിന്റെ 'പാഥേയം' എന്ന പദ്ധതിയുടെ ഭാഗമായിട്ടാണ് പരിപാടി സംഘടിപ്പിച്ചത്. പ്രിൻസിപ്പൾ എം. കാസിം, പ്രോഗ്രാം ഓഫീസർ ഫിറോസ് ടി. അബ്ദുള്ള, ബിലാൽ മദനി, ശ്യാംജിത്ത് എന്നിവർ നേതൃത്വം നൽകി.

ശ്രീകണ്ഠപുരത്ത് ലളിതകലാ അക്കാദമി ചിത്രപ്രദർശനം ചിത്രകാരൻ ശ്രീവാസ്തവ പി.വി.ഗോപിനാഥിന്റെ മുഖചിത്രം വരച്ച് ഉദ്ഘാടനം ചെയ്യുന്നു

മുഖചിത്രം വിസ്മയകരം; ശ്രീചിത്രപുരം ശ്രദ്ധേയം

ശ്രീകണ്ഠപുരം: പൊതുജനങ്ങളുടെ മുഖചിത്രം അതിവേഗത്തിൽ വരച്ച് ചിത്രകാരന്മാർ വിസ്മയം കാട്ടിയപ്പോൾ ശ്രീചിത്രപുരം ശ്രദ്ധേയമായി. ലളിതകലാ അക്കാദമി നേതൃത്വത്തിലാണ് ശ്രീകണ്ഠപുരത്ത് ശ്രീചിത്രപുരം എന്ന പേരിൽ ചിത്രരചനാ-പ്രദർശന പരിപാടി നടത്തിയത്. ഉത്തരേന്ത്യൻ ചിത്രകാരൻ ശ്രീവാസ്തവ, സി.പി.എം ജില്ലാ കമ്മിറ്റിയംഗം പി.വി.ഗോപിനാഥിന്റെ മുഖചിത്രം വരച്ചുകൊണ്ടാണ് പരിപാടി ഉദ്ഘാടനം ചെയ്തത്. നഗരസഭാ ചെയർമാൻ പി.പി.രാഘവൻ, എബി എൻ.ജോസഫ് തുടങ്ങിയവർ സംസാരിച്ചു. ചിത്രപ്രദർശനവുമുണ്ടായി. നിരവധി യാളുകൾ പരിപാടി കാണാനെത്തി.

മൂന്നാംകുന്ന് ശിഹാബ് തങ്ങൾ റിലീഫ് സെൽ സംഘടിപ്പിച്ച സാമ്പത്തിക സാക്ഷരതാ ക്ലാസ് ജെസി ഷിജി ഉദ്ഘാടനം ചെയ്യുന്നു

സാമ്പത്തിക സാക്ഷരതാ ക്ലാസ് നടത്തി

ആലക്കോട്: മൂന്നാംകുന്ന് ശിഹാബ് തങ്ങൾ റിലീഫ് സെൽ നേതൃത്വത്തിൽ സംഘടിപ്പിച്ച സാമ്പത്തിക സാക്ഷരതാക്ലാസ് ബ്ലോക്ക് പഞ്ചായത്ത് മെമ്പർ ജെസി ഷിജി ഉദ്ഘാടനം ചെയ്തു. ഡിജിറ്റൽ ബാങ്കിംഗ് സംവിധാനം ജനങ്ങൾക്ക് പരിചയപ്പെടുത്തുന്നതിന്റെ ഭാഗമായി ഗ്രാമീൺ ബാങ്കിന്റെ സഹകരണത്തോടെയാണ് ക്ലാസ് സംഘടിപ്പിച്ചത്. വാർഡ് മെമ്പർ പി.സി.ആയിഷ അധ്യക്ഷത വഹിച്ചു. കെ.എം.സതീഷ്കുമാർ പ്രസംഗിച്ചു. ഇ.എ.വാസുദേവൻ നമ്പൂതിരി ക്ലാസ് നയിച്ചു. ടി.എ.മുസ്തഫ സ്വാഗതം പറഞ്ഞു.

തേർത്തല്ലി ടാസ്കോ നേതൃത്വത്തിൽ മൂലോത്തുംകുന്നിൽ സംഘടിപ്പിച്ച തേനീച്ച കൃഷി പരിശീലന പരിപാടി ആലക്കോട് പഞ്ചായത്ത് പ്രസിഡണ്ട് മോളി മാനുവൽ ഉദ്ഘാടനം ചെയ്യുന്നു

വയർമാൻ അസോസിയേഷൻ യൂണിറ്റ് ഉദ്ഘാടനം

നടുവിൽ: സർക്കാർ അംഗീകൃത വയറിംഗ് തൊഴിലാളികളുടെ സംഘടനയായ കേരള ഇലക്ട്രിക്കൽ വയർമാൻ ആന്റ് സൂപ്പർവൈസേഴ്സ് അസോസിയേഷൻ നടുവിൽ യൂണിറ്റ് ജില്ലാ സെക്രട്ടറി എൻ.കെ.ശശിധരൻ ഉദ്ഘാടനം ചെയ്തു. രഞ്ജിത്ത് കൂവേരി അധ്യക്ഷത വഹിച്ചു. കെ.പി.രമേശൻ, സി.പി.ശിവദാസൻ, അബ്ദുൾനാസർ കുറുമാത്തൂർ പ്രസംഗിച്ചു. രഞ്ജിത്ത് നടുവിൽ സ്വാഗതവും എം.എം.ഉണ്ണികൃഷ്ണൻ നന്ദിയും പറഞ്ഞു.